# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1059 — 11.07.2011-ൽ മറുപടിയ്ക്ക്

## ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തിക അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തിക സംസ്ഥാനത്തെ എത്ര വികസന ബ്ലോക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തികയിൽ സംസ്ഥാനത്ത് വയനാട്, പാലക്കാട് ജില്ലകളിൽ 16 ബ്ലോക്കുകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റു ബ്ലോക്കുകളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തിക എല്ലാ വികസന ബ്ലോക്കുകളിലും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നത് താൽക്കാലിക അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിലേക്കാണ്. ഓരോ സാമ്പത്തിക വർഷത്തിലും മാർച്ച് 1 മുതൽ തുടർ നിയമനാനുമതി നൽകേണ്ടതുണ്ട്. ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ പ്രത്യേക തസ്തിക അനുവദിക്കുന്നതിന് പദ്ധതിയിൽ നിഷ്കർഷിച്ച മാനദണ്ഡ |

ങ്ങൾ പ്രകാരം ബ്ലോക്കുകൾ യോഗ്യത നേടേണ്ടതുണ്ട്. കൂടാതെ ആകെ ചെലവഴിക്കുന്ന തുകയുടെ 6% ൽ അധികരിക്കാത്ത വിധത്തിൽ മാത്രമേ ഭരണ ചെലവിനുള്ള തുക വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത തസ്തിക അനുവദിക്കുന്നതുമൂലം സംസ്ഥാന സർക്കാരിന് എന്തെങ്കിലും അധിക സാമ്പത്തിക ബാധ്യത വരുന്നുണ്ടോ എന്നും ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല. എന്നാൽ ഭരണ ചെലവ് തുക ആകെ പദ്ധതി ചെലവിന്റെ 6%ൽ അധികരിക്കാൻ പാടില്ല.

(ഡി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ എല്ലാ വികസന ബ്ലോക്കുകളിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ തസ്തിക അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി) പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് 52 വികസിത ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ താൽക്കാലിക തസ്തിക സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ